നടത്തി പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതികൾ പുരോഗമിപ്പിക്കാറുണ്ട്. കൂടാതെ പദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കുവാൻ മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ വീഡിയോ കോൺഫറൻസുകൾ സംഘടിപ്പിച്ച് പ്രശ്നങ്ങൾ അപ്പപ്പോൾ പരിഹരിക്കുന്നു. ഇതുകൂടാതെ പദ്ധതികൾ മോണിറ്റർചെയ്യാൻ പ്രോജക്ട് സ്റ്റാറ്റസ് അലർട്ട് സിസ്റ്റം (പാസ്സ്) സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ലബോറട്ടറി ഇൻഫർമേഷൻ സിസ്റ്റം (ലിംസ്) നടപ്പിലാക്കിയിട്ടുണ്ട്.

ഒരു പഞ്ചായത്തിൽ ഒരു കുളം

181 (3616) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിനടത്തിപ്പിനായി എന്തെല്ലാം തരത്തിലുള്ള ധനസഹായങ്ങളാണ് പ്രയോജനപ്പെടുത്തുന്നത് ?

ഉത്തരം

സംസ്ഥാന സർക്കാരിന്റെ സഹായത്തോടെയാണ് ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി നടപ്പിലാക്കുന്നത്.

ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾ

182 (3617) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽനിന്നും തുക വിനിയോഗിച്ച് നടപ്പാക്കുന്ന വിവിധ കുടിവെള്ള പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ ;

(ബി) ധനകാര്യവകുപ്പിൽനിന്നും പ്രസ്തുത പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഭരണാനുമതി നൽകുവാനുള്ള കാലതാമസം ഒഴിവാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മലപ്പുറം മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽനിന്നും തുക വിനിയോഗിച്ച് നടപ്പാക്കുന്ന വിവിധ കുടിവെള്ള പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

ആനക്കയം പഞ്ചായത്ത്

1. പന്തല്ലൂർ കുഴിക്കാടൻകുണ്ട് കുടിവെള്ള പദ്ധതി- കമ്മീഷൻ ചെയ്തു.
2. ഉരുളിത്തല കുടിവെള്ള പദ്ധതി - ഡി.ഇ.ആർ. തയ്യാറാക്കിയിട്ടുണ്ട്.
3. അമ്പലവട്ടം കുടിവെള്ള പദ്ധതി - ഡി.ഇ.ആർ. തയ്യാറാക്കിയിട്ടുണ്ട്.

പുല്ലൂർ പഞ്ചായത്ത്

4. വെള്ളോംകുന്നത്ത് കുടിവെള്ള പദ്ധതി - കമ്മീഷൻ ചെയ്തു.
5. കല്ലിടുമ്പ് കുടിവെള്ള പദ്ധതി - ഭരണാനുമതി നൽകിയിട്ടുണ്ട്.

കോഡൂർ പഞ്ചായത്ത്

6. പെരിങ്ങോട്ടുപുലം പൂക്കോട് കുടിവെള്ള പദ്ധതി - ഡി.ഇ.ആർ. തയ്യാറാക്കിയിട്ടുണ്ട്.
7. ചട്ടിപറമ്പ തണ്ണീർച്ചോല കുടിവെള്ള പദ്ധതി - അനുയോജ്യമായ സ്രോതസ്സ് ലഭിക്കുന്നതിനുവേണ്ടി പഞ്ചായത്തിനെ സമീപിച്ചിട്ടുണ്ട്.
8. മുണ്ടക്കോട് നിരപ്പിൽ കുടിവെള്ള പദ്ധതി - ഡി.എസ്.ആർ. 2014 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.
9. കാലംപറമ്പ് കുടിവെള്ള പദ്ധതി ഘട്ടം I - പ്രവൃത്തി ടെണ്ടർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നു.
10. കാലംപറമ്പ് കുടിവെള്ള പദ്ധതി ഘട്ടം 2 - ഡി.എസ്.ആർ. 2014 പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി&സി) മേൽപ്പറഞ്ഞ പദ്ധതികളിൽ 1, 4, 5, 9 പദ്ധതികൾക്ക് ഭരണാനുമതി നൽകി. മറ്റുള്ള പദ്ധതികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

ആലപ്പുഴ കട്ടനാട് താലൂക്കിലെ കടിവെള്ളക്ഷാമം.

183 (3618) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ കൈനകരി പഞ്ചായത്തിൽ കോലത്ത് ജെട്ടി (സൗത്ത്) മുതൽ കുട്ടമംഗലം ഷെൽ സൊസൈറ്റി വരെ കുടിവെള്ളക്ഷാമം നേരിടുന്നതുമായി ബന്ധപ്പെട്ടപരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പ്രദേശത്ത് പി.ഡബ്ല്യു.ഡി. റോഡിലൂടെ പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ളം എത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly